ഡബ്ല്യൂ.ടി.ഒ കരാറുപയോഗിച്ച്,
വിദേശ ചെറുകിടക്കാർ ഗുണം കുറഞ്ഞ
ചൈനീസ് സാധനങ്ങൾ കടത്തിവിട്ട്,
ഇന്ത്യൻ കമ്പോളം കൈയടക്കുമെന്നും
ഇത് നാട്ടിലെ ചെറുകിട – മദ്ധ്യവർഗ്ഗ
വ്യവസായികളെ കുത്തുപാളയെടുപ്പിക്കുമെന്നും
**ദേവീന്ദർ ശർമ്മ**

# എഫ്.ഡി.ഐ: സത്യം പറയുന്ന നുണകൾ

**ചെറുകിട** രംഗത്തെ വിദേശനിക്ഷേപം നമ്മുടെ രാജ്യത്തിന് ഗുണകരമാണെന്നു പറഞ്ഞുകൊണ്ട് പ്രധാനമന്ത്രി മൻ മോഹൻ സിങ്ങ് രാജ്യത്തിന്റെ വാതിലുകൾ വിദേശകുത്തകകൾക്ക് തുറന്നിടാൻ പോകുകയാണല്ലോ? ഈ സന്ദർഭത്തിൽ അമേരിക്കൻ പ്രസിഡണ്ട് ഒബാമ ചിന്തിയ്ക്കുന്നത് മറ്റൊരു തരത്തിലാണ്. നവ: 26ലെ ഒരു സന്ദേശത്തിൽ അദ്ദേഹമെഴുതി. " നിങ്ങളുടെ പ്രിയപ്പെട്ട സ്ഥലത്തുള്ള കടകളിൽ നിന്നും കച്ചവടം നടത്തിക്കൊണ്ട് സമൂഹത്തിലെ ചെറു സംരംഭകരെ പിന്തുണക്കുക."

അമേരിക്കയ്ക്ക് എന്താണോ ഗുണകരമായിട്ടുള്ളത് അത് പ്രസിഡന്റ് ഒബാമ പറയുമ്പോൾ മൻ മോഹൻ സിങ്ങ്, അമേരിക്കൻ താൽപര്യങ്ങൾ സംരക്ഷിക്കാൻ നിർബന്ധം പിടിക്കുകയാണ്. ഇതേ കാരണം കൊണ്ടുതന്നെയാണ്,പ്രാചീന അടിസ്ഥാനഘടന വികസിപ്പിച്ചും കൃഷി ഉല്പന്നങ്ങളുടെ നഷ്ടം കുറച്ചും കർഷകർക്ക് അവരുടെ വിളവിന് കൂടുതൽ വില ലഭ്യമാക്കും എന്നൊക്കെ പറഞ്ഞുകൊണ്ട് ചെറുകിട രംഗത്തെ വിദേശ നിക്ഷേപം രാജ്യത്തിന് ഗുണകരമാണെന്നുള്ള വാദഗതി വസ്തുതാവിരുദ്ധമാണെന്ന് പറയുന്നത്. ടി.വി. ചാനലുകളിലെ പണ്ഡിതാ ഗ്രേസരസരന്മാരുടെ വാഗ്ധോരണിയിൽ യഥാർത്ഥ വസ്തുക്കൾ രാഷ്ട്രീയ മേലാളന്മാർക്കു വേണ്ടി അടിയറവെയ്ക്കപ്പെടുകയാണ്.

ഇന്ത്യയിൽ ചെറുകിട രംഗത്തെ പ്രത്യേക വിദേശ നിയോഗം അനുവദിക്കുന്നതിനെക്കുറിച്ച് ഒരുപാടു എഴുതുകയും പറയുകയുമുണ്ടായിട്ടുണ്ട്. വാണിജ്യമന്ത്രി ആനന്ദ് ശർമ്മയും പ്രധാനമന്ത്രി മൻമോഹൻ സിങ്ങും ആവർത്തിച്ചു വ്യക്തമാക്കിയ ചില വാദമുഖങ്ങളെ മനസ്സിലാക്കാൻ ഒരു ശ്രമം നടത്തിനോക്കട്ടെ! അവരുടെ അവകാശവാദങ്ങളൊക്കെ സാമ്പത്തിക ധാരണകളേക്കാൾ രാഷ്ട്രീയ നേതൃത്വത്താൽ നയിക്കപ്പെട്ടിട്ടുള്ളതാണെന്ന് തുറന്നു പറയട്ടെ! അതുതന്നെയാ

പരിഭാഷ: അജിതൻ

ണ് ഏറ്റവും ആശങ്കാജനകവും ഭരണ കക്ഷിയുടെ രാഷ്ട്രീയ അജണ്ട ന്യായീകരിക്കാൻ എങ്ങനെ സാമ്പത്തിക വസ്തുതകളെ വളച്ചൊടിക്കാമെന്നും തെറ്റിദ്ധരിപ്പിക്കാമെന്നും ഇതു കാണിച്ചുതരുന്നു. ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇതിലും വലിയ ഒരു വിനാശം സംഭവിക്കാനില്ല.

ആദ്യമായി ഒരു കോടി പുതിയ തൊഴിലവസരങ്ങൾ അതുണ്ടാക്കുമെന്ന വാദമാണ് ബഹുബ്രാൻഡ് ചെറുകിടക്കാരെ അനുകൂലിച്ചുകൊണ്ട് ഉണ്ടായിട്ടുള്ളത്. ഈ വാദത്തിൽ ഒരു കഴമ്പുമില്ല. അമേരിയ്ക്കയിൽ വാൾമാർട്ടാണ് ചെറുകിടരംഗത്തെ പ്രമുഖൻ. അവർക്ക് 400 കോടി ഡോളർ വിറ്റുവരവും 0.21 കോടി ജോലിക്കാരുമുണ്ട്. അതേ സമയം തന്നെ ഇന്ത്യൻ ചെറുകിടരംഗത്തും 400 കോടി ഡോളർ വിറ്റു വരവുണ്ടെങ്കിലും 4.4 കോടി ജനങ്ങൾക്ക് തൊഴിൽ നല്കുന്ന 1.20 കോടി കടകളാണ് ഇവിടെയുള്ളതെന്നത് വിരോധാഭാസമായി തോന്നാം. അപ്പോൾ ഇന്ത്യൻ ചെറുകിടക്കാരാണ് കൂടുതൽ വലിയ തൊഴിൽ ദാതാക്കൾ. ഈ രംഗത്തെ പ്രത്യേക വിദേശനിക്ഷേപം, ലക്ഷക്കണക്കിന് ജനങ്ങളുടെ തൊഴിൽ നഷ്ടപ്പെടാനേ ഉപകരിക്കൂ.

ഇംഗ്ലണ്ടിന്റെ കാര്യമെടുക്കൂ. അവിടത്തെ രണ്ട് ചെറുകിട വമ്പൻമാർ ടെസ്ക്കേയും സെയിൻസ്ബറിയുമാണ്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 24,000 തൊഴിലവസരങ്ങൾ രണ്ടു പേരും ചേർന്ന് സൃഷ്ടിക്കാമെന്നാണ് കരാറുണ്ടാക്കിയിരുന്നത്. പക്ഷേ ഇരുവരും കൂടെ ഏകദേശം 850 ഓളം പേരെ തൊഴിൽ രഹിതരാക്കിയിട്ടുണ്ടെന്നാണ് ഒരു ബ്രിട്ടീഷ് ഗവൺമെന്റ് അന്വേഷണ റിപ്പോർട്ട് സൂചിപ്പിക്കുന്നത്. സ്വന്തം രാജ്യത്ത് പുതു താഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ പരാജയപ്പെട്ട ഈ വൻകിടക്കാർ, ഇവിടെ ഇന്ത്യയിൽ കൂടുതൽ പേർക്ക് തൊഴിൽ കൊടുക്കുമെന്ന് വാദിക്കുന്നത് ശുദ്ധ വിഡ്ഢിത്തമാണ്.

രണ്ടാമതായി, കർഷകർക്ക് മുപ്പതു ശതമാനത്തിലധികം വരുമാനം ചെറുകിടരംഗത്തെ വിദേശനിക്ഷേപം കൊണ്ടുണ്ടാകുമെന്ന് ആനന്ദ് ശർമ പറഞ്ഞു. ഇതിനേക്കാൾ വലിയ കള്ളത്തരമില്ല. വാൾമാർട്ടിന് അമേരിക്കയിലെ കർഷകരുടെ വരുമാനം കൂട്ടാൻ കഴിഞ്ഞിരുന്നുവെങ്കിൽ അമേരിക്കൻ സർക്കാർ എന്തിന് 307 കോടി ഡോളർ സബ്സിഡിയായി 2008 ലെ യു.എസ് ഫാം ബിൽ പ്രകാരം വിതരണം ചെയ്തു? അടുത്ത അഞ്ചുവർഷത്തേക്ക് ബഡ്ജറ്ററി സബ്സിഡി കരുതൽ ധനവും ഇതുമൂലം കണ്ടെത്തേണ്ടിവന്നു. ഡബ്ല്യു.ടി.ഒ പ്രകാരം ഈ സബ്സിഡികൾ മിക്കവാറും ഗ്രീൻ ബോക്സ് എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരം ഗ്രീൻ ബോക്സ് സബ്സിഡികൾ പിൻവലിക്കുകയാണെങ്കിൽ അമേരിക്കൻ കാർഷികരംഗം തകിടം മറിയുമെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു.




**ഇംഗ്ലണ്ടിന്റെ കാര്യമെടുക്കൂ. അവിടത്തെ രണ്ട് ചെറുകിട വമ്പൻമാർ ടെസ്ക്കേയും സെയിൻസ്ബറിയുമാണ്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 24,000 തൊഴിലവസരങ്ങൾ രണ്ടു പേരും ചേർന്ന് സൃഷ്ടിക്കാമെന്നാണ് കരാറുണ്ടാക്കിയിരുന്നത്. പക്ഷേ ഇരുവരും കൂടെ ഏകദേശം 850 ഓളം പേരെ തൊഴിൽ രഹിതരാക്കിയിട്ടുണ്ടെന്നാണ് ഒരു ബ്രിട്ടീഷ് ഗവൺമെന്റ് അന്വേഷണ റിപ്പോർട്ട് സൂചിപ്പിക്കുന്നത്. സ്വന്തം രാജ്യത്ത് പുതു തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ പരാജയപ്പെട്ട ഈ വൻകിടക്കാർ, ഇവിടെ ഇന്ത്യയിൽ കൂടുതൽ പേർക്ക് തൊഴിൽ കൊടുക്കുമെന്ന് വാദിക്കുന്നത് ശുദ്ധ വിഡ്ഢിത്തമാണ്.**

കാർഷിക സബ്സിഡി ഉള്ളതു കൊണ്ടു മാത്രമാണ് അമേരിക്കയിൽ കൃഷി നിലനിൽക്കുന്നത്. മുപ്പതു ധനികരാഷ്ട്രങ്ങൾ ഉൾപ്പെട്ട ഒ. ഇ.സി.ഡി സംഘരാജ്യങ്ങളിൽ സാഹചര്യങ്ങൾ ഒട്ടും വ്യത്യസ്തമല്ല. 2010 ൽ പുറത്തു വന്ന ഒരു റിപ്പോർട്ട് പ്രകാരം കാർഷിക സബ്സിഡികൾ 2008 ലെ 21 ശതമാനത്തെ ആശ്രയിച്ച് 2009 ൽ 22% കണ്ട് വർദ്ധിച്ചുവെന്ന് കാണിക്കുന്നു. ഈ വ്യവസായ രാജ്യങ്ങൾ 2009 ൽ ഒരു കൊല്ലത്തിനുള്ളിൽ മാത്രം 12.60 ലക്ഷം കോടി രൂപ കൃഷിക്കനുവദിച്ചിരിക്കുന്നു. ഇത്രയൊക്കെ ചെയ്തിട്ടും ഒരു മിനിറ്റിൽ ഒരു കർഷകൻ എ

ന്ന കണക്കിന് യൂറോപ്പിൽ കൃഷിയോട് വിട പറഞ്ഞുകൊണ്ടിരിക്കുന്നു. കൃഷിക്കാരുടെ വരുമാനം കാണെക്കാണെ ശുഷ്കിച്ചു വരുമ്പോഴാണ് ഇതെല്ലാം സംഭവിക്കുന്നത് എന്നു ശ്രദ്ധിക്കുക. 2009 ൽ ഫ്രാൻസിൽ മാത്രം കൃഷിക്കാരുടെ വരുമാനം 39% കുറഞ്ഞിട്ടുണ്ട്.

മൂന്നാമതായി, വൻകിടകുത്തകക്കാർ മദ്ധ്യവർത്തികളെ ഒഴിവാക്കുന്നതുമൂലം കർഷകർക്ക് കൂടുതൽ വില ലഭ്യമാക്കുന്നു എന്നതാണ്. അടിസ്ഥാനരഹിതവും വസ്തുതാ വിരുദ്ധമായ വാദമാണിത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഈ അമേരിക്കൻ കർഷകൻ ഒരു ഡോളർ മൂല്യമുള്ള ഉല്പന്നം വിൽക്കുമ്പോൾ 70 സെന്റ് അവന് വരുമാനമായി ലഭിച്ചിരുന്നെന്ന് പഠനങ്ങൾ കാണിക്കുന്നു. 2005 ലാകട്ടെ, അതേ സാഹചര്യത്തിൽ കർഷകരുടെ വരുമാനം 4 സെന്റായി ചുരുങ്ങി. അമേരിക്കയിൽ വാൾമാർട്ട് തുടങ്ങിയ വമ്പന്മാരുടെ സാന്നിദ്ധ്യമുണ്ടായിരുന്നിട്ടുകൂടിയാണ് ഇത് എന്ന് കൂടി വായിക്കുക. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സാമാന്യ ധാരണപോലെ മദ്ധ്യവർത്തികൾ ഒഴിവാക്കപ്പെടുന്നതിനുപകരം യാഥാർത്ഥത്തിൽ അവരുടെ എണ്ണം (പങ്ക്) കൂടുകയാണ് ചെയ്തിട്ടുള്ളത്. മദ്ധ്യവർത്തികളുടെ ഒരു പുതിയ സംഘം – ഗുണനിയന്ത്രകർ, സ്റ്റാന്റേഡൈസർ സർട്ടിഫിക്കറ്റ് ഏജൻസികൾ, പ്രോസസ്സർ, പാക്കേജിന് വിദഗ്ധർ തുടങ്ങിയവർ – ചെറുകിടക്കാരുടെ അതേ ലേബലിൽ പ്രവർത്തിച്ച് കർഷകർക്ക് ചെല്ലേണ്ട വരുമാനം തട്ടിക്കൊണ്ടുപോകുന്നു. ഇതിനേക്കാളുപരി, ക്രയശേഷിയിലുള്ള വലുപ്പവും ദ്രവ്യലഭ്യതയുള്ളതുകൊണ്ട് വൻകുത്തകകൾ പൊതുവേ ഉല്പാദന വിലകൾ താഴ്ത്തിക്കെട്ടുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് ഇംഗ്ലണ്ടിലെ ടെസ്കോ നാലു ശതമാനം കുറവിലാണ് ഉല്പാദകർക്ക് മൂല്യം കൊടുക്കുന്നത്. സ്കോട്ട്ലണ്ടിലാകട്ടെ സൂപ്പർമാർക്കറ്റുകാരുടെ കുറഞ്ഞ വിലകൾ ക്രുദ്ധരായ കർഷകരെ 'ഫെയർഡീൽ ഫുഡ്' എന്ന ഒരു സഖ്യശക്തി രൂപീകരിക്കാൻ നിബന്ധിതരാക്കി. അവരുടെ ഉത്പന്നങ്ങൾക്ക് കൂടുതൽ വില കൂട്ടുത്തിനു വേണ്ടിയായിരുന്നു ഇത്.

നാലാമതായി ചെറുകിട രംഗത്തെ വിദേശ വൻകിടക്കാർക്ക് ആവശ്യമുള്ള 30% ഉല്പന്നങ്ങളും ചെറുകിടക്കാരിൽ നിന്നു തന്നെ ശേഖരിക്കുന്നത്. ഇന്ത്യൻ സംരംഭകരെ സഹായിക്കുമെന്നാണ് പറയുന്നത്. ഒരു വിഭാഗം മാദ്ധ്യമങ്ങൾ ചില വിരോധാഭാസങ്ങൾ ചൂണ്ടിക്കാട്ടിയപ്പോഴുണ്ടായ പുനരാലോചനയുടെ ഭാഗമായാണ് ഈ വാദം. 30% ഉല്പന്നങ്ങളും രാജ്യത്തിന്നകത്തുനിന്നുതന്നെ ശേഖരിക്കുമെന്ന് ആനന്ദ് ശർമ പറഞ്ഞാലും ഡബ്ല്യൂ.ടി.ഒ കരാർ പ്രകാരം വൻകിട മുതലാളിമാർ ലോകത്തെവിടെ നിന്നു ചരക്കുകൾ കൊണ്ടുവന്നാലും ഇന്ത്യക്ക് അതു നിയന്ത്രിക്കാനാകില്ലെന്നതാണ് വാസ്തവം. 1994 ലെ കോഡ് കരാറിലെ ആർട്ടിക്കിൾ III, XI എന്നിവലുൾപ്പെടാത്ത ഒരു നിക്ഷേപ നിയന്ത്രണത്തിന് ഒരു രാജ്യത്തിനും അപേക്ഷിക്കാനവകാശമില്ല. ഇത് ലോക വ്യാപാര സംഘടനയുടെ ഉപാധികൾക്ക് വിരുദ്ധമാണ്.

ഡബ്ല്യൂ.ടി.ഒ കരാറുപയോഗിച്ച് വിദേശ ചെറുകിടക്കാർ ഗുണം കുറഞ്ഞ ചൈനീസ് സാധനങ്ങൾ കടത്തിവിട്ട്, ഇന്ത്യൻ കമ്പോളം കൈയടക്കാനാണ് പോകുന്നത്. ഇത് നാട്ടിലെ ചെറുകിട – മദ്ധ്യവർഗ്ഗ വ്യവസായികളെ കുത്തുപാളയെടുപ്പിക്കുക തന്നെ ചെയ്യും. അതേ സമയം തന്നെ മൾട്ടിബ്രാൻഡ് ചെറുകിടകളിലുള്ള "ഇന്ത്യൻ മുദ്ര" 60 ശതമാനത്തിലധികം വരുമെന്ന ആനന്ദ് ശർമ്മയുടെ വാദം തികച്ചും തെറ്റാണ്. വൻകിട കുത്തകകൾ ഇന്ത്യയിൽ വരുന്നത് ഭക്ഷ്യകലവറയുടെ സംഭരണശേഷിയുണ്ടാക്കാനേയല്ല എന്നത് വ്യക്തമാക്കിക്കൊള്ളട്ടെ.

അഞ്ചാമതായി, 'വാൾമാർട്ടും ദാരിദ്ര്യവും' എന്ന പെന്നിസിൻവാനിയ സ്റ്റേറ്റ് സർവകലാശാലയുടെ ഒരു പഠനം രസകരമായ ഒരു വസ്തുത പുറത്തു കൊണ്ടുവരുന്നു. വാൾമാർട്ട് സൂപ്പർമാക്കറ്റുകൾ കൂടുതൽ ഉണ്ടായിരുന്ന അമേരിക്കൻ സംസ്ഥാനങ്ങളിൽ, അത്തരം സ്റ്റോറുകൾ കുറവുള്ള സംസ്ഥാനങ്ങളേക്കാൾ ദാരിദ്ര്യ നിരക്കുകൾ വർദ്ധിച്ചു എന്നതാണത്. നമ്മുടെ സർക്കാർ ഒരിക്കലും ചർച്ച ചെയ്തിട്ടില്ലാത്ത (തള്ളിക്കളയാനാകാത്ത) ആരോപണമാണിത്. പക്ഷേ ദാരിദ്ര്യത്തിലും പട്ടിണിയിലും അടിപ്പെട്ട ഒരു രാജ്യത്തിന് അതൊരു മുന്നറിയിപ്പു സൈറൺ ആകേണ്ടതാണ്.

## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീര്** (മലയാളം) Bitter Drink (English) പ്ലാച്ചിമട കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല)ത്തെക്കുറിച്ച്/35 മിനിറ്റ്

**ബാക്കിപത്രം** : ചാലിയാർ/ മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച്/35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം) 27 മിനിട്ട്, പ്ലാച്ചിമട സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി സംവിധാനം : മണിലാൽ 24 മിനിട്ട്

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി 30 മിനിട്ട്.

**Source of Life for Sale** 60 mts., Direction : K.P. Sasi

**വി.സി.ഡി./ഡി.വി.ഡി./ വി.എച്ച്.എസ്. കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

കേരളീയം
കൊക്കാലെ, തൃശൂർ–21.
ഫോൺ : 9446576943, 0487 2421385